# സഹകരണ ജീവനക്കാർക്ക് അനുവധിക്കാവുന്ന അവധികൾ

K.S.R 83 അർദ്ധ വേതനാവധി **(Half Pay Leave):** സ്ഥിരം ജീവനക്കാർക്ക് ഓരോ പൂർത്തിയാക്കിയ ഒരു വർഷത്തെ സേവനത്തിന് 20 ദിവസം എന്ന കണക്കിൽ അനുവദിക്കാം. ഹാഫ് പേ ലീവിന് 1993 സെപ്തംബർ 25-ാം തീയ്യതിയിലെ G.O. (P) 600/93/FIN പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചപ്പോൾ 2000 രൂപ വരെ അടിസ്ഥാന ശമ്പളം ഉള്ളയാൾക്ക് അടിസ്ഥാന ശമ്പളത്തിന്റെ പകുതിയും ഡി.എ മുഴുവനായും ലഭിക്കും ഇത് മൊത്തശമ്പളത്തിന്റെ 65% നും താഴെയാണെങ്കിൽ മൊത്ത ശമ്പളത്തിന്റെ 65% എടുക്കാവുന്നതാണ്. ടി.അടിസ്ഥാന ശമ്പളത്തിലും മുകളിൽ അടിസ്ഥാന ശമ്പളം ഉള്ളവർക്ക് അടിസ്ഥാന ശമ്പളം ഡി.എ. എന്നിവ പകുതിയേ ലഭിക്കുകയുള്ളൂ. H.R.A 4 മാസം വരെ മാത്രമേ ലഭിക്കുകയുള്ളൂ.(K.S.R.R 93) കമ്മ്യൂട്ടഡ് ലീവാണെങ്കിൽ മുഴുവൻ ശമ്പളവും ലഭിക്കും.

**കമ്മ്യൂട്ടഡ് ലീവ് :** ടി അവധി സ്ഥിരം ജീവനക്കാർക്ക് അനുവധിക്കാം ഒരു കമ്മ്യൂട്ടഡ് അവധിക്ക് രണ്ട് ഹാഫ് പേ ലീവ് അക്കൗണ്ടിൽ നിന്നും കുറവും ചെയ്യണം (K.S.R.R 84) പ്രൊബേഷൻ പൂർത്തിയാക്കുകയും 3 വർഷം സേവനവും ഉണ്ടായിരിക്കണം ടി. അവധി അനുവധിക്കാൻ.

**ലീവ് നോട്ട് ഡ്യൂ :** ഒരു സ്ഥിരം ജീവനക്കാരന് അയാളുടെ സേവന കാലയളവിൽ പരമാവധി 360 ദിവസം വരെയും ഒറ്റ തവണ 90 ദിവസവും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണെങ്കിൽ 180 ദിവസവും അവുധി അനുവധിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്ന അവധി അയാൾക്ക് പിന്നീട് ലഭിക്കുന്ന ഹാഫ് പേ ലീവിൽ തട്ടി കിഴിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം അവധി അനുവധിക്കാൻ ടി. ജീവനക്കാരന് മറ്റ് യാതൊരു അവധിയും ക്രഡിറ്റിൽ ഉണ്ടാകുകയും അരുത്.

**ഏൺഡ് ലീവ് :** ഓരോ ജീവനക്കാരന്റെയും 11 ദിവസത്തെ ഡ്യൂട്ടിക്ക് 1 എന്ന തോതിൽ ടി അവധി എന്ന തോതിൽ അയാളുടെ അക്കൗമ്ടിൽ വരുന്നതാണ്. എന്നാൽ ജോലിക്ക് ്രചുന്ന ആദ്യ വർഷം ഇത് 22 ദിവസത്തെ ഡ്യൂട്ടിക്ക് 1 എന്ന തോതിലായിരിക്കും ഇപ്രകാരം അവധിക്ക് ഡ്യൂട്ടി കണക്കാക്കുമ്പോൾ കാഷ്വൽ അവധി. പൊതു ഒഴിവ് ദിവസങ്ങൾ എന്നിവ ഒഴികെയുള്ള അവധി ദിനങ്ങൾ കുറവ് ചെയ്യണം. ഈ അവധി ഒരു സാമ്പത്തിക വർഷം 30 ദിവസം പരമാവധി എന്ന തോതിൽ ഒറ്റ പ്രാവശ്യമായി സറണ്ടർ ചെയ്യാവുന്നതാണ്. ഇപ്രകാരം സറണ്ടർ ചെയ്യുമ്പോഴോ അവധി എടുക്കുമ്പോഴോ ബന്ധപ്പെട്ട വിവരങ്ങൾ ലീവ് അക്കൗണ്ടിലും (SB) യുടെ മറ്റ് പേജിലും രേഖപ്പെടുത്തണം.

## വിദേശത്ത് ജോലിക്കുള്ള അവധി

ടി.അവധിയും സർക്കാർജീവനക്കാർക്ക് ബാധകമായ രീതിയിൽ ലഭിക്കും. ടി. അവധി പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പാണ് എടുക്കുന്നതെങ്കിൽ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ പുതിയ നിയമനമായി കണക്കാക്കും എന്നാൽ പ്രൊബേഷന് ശേഷമാണെങ്കിൽ അവധിയിലായിരിക്കുന്ന കാലം യാതൊരു ആനുകൂല്യങ്ങളും കണക്കാക്കുകയില്ല. 15 വർഷം വരെ ടി. അവധി അനുവധിക്കും. ടി. അവധിക്കാലത്ത് ജീവനക്കാരനിലും ജൂനിയറിന് പ്രൊമോഷൻ ലഭിച്ചാൽ അയാൾ ടി. ജീവനക്കാരനേക്കാളും സീനിയറായി തുടരും.പൊതുഒഴിവ് ദിവസങ്ങൾ എന്നിവ ഒഴികെയുള്ള അവധി ദിനങ്ങൾ കുറവ് ചെയ്യണം. ഈ അവധി ഒരു സാമ്പത്തിക വർഷം 30 ദിവസം പരമാവധി എന്ന തോതിൽ ഒറ്റ പ്രാവശ്യമായി സറണ്ടർ ചെയ്യാവുന്നതാണ്. ഇപ്രകാരം സറണ്ടർ ചെയ്യുമ്പോഴോ അവധി എടുക്കുമ്പോഴോ ബന്ധപ്പെട്ട വിവരങ്ങൾ ലീവ് അക്കൗണ്ടിലും (SB) യുടെ മറ്റ് പേജിലും രേഖപ്പെടുത്തണം.

## കാഷ്വൽ അവധി

20 ദിവസം ഒരു വർഷത്തിൽ അനുവദിക്കാം. എന്നാൽ ഇപ്രകാരമുള്ള അവധി ഒഴിവു ദിവസം ഉൾപ്പെടെ തുടർച്ചയായി 15 ദിവസത്തിൽ കവിയരുത് (K.S.R.R III of Page 1) കാഷ്വൽ അവധി ഒഴികെയുള്ള എല്ലാ അവധികൾക്കും നിശ്ചിതമായ മാതൃകയിൽ ഉള്ള അപേക്ഷയിൽ അപേക്ഷ സമർപ്പിക്കണം. അവധി അനുവദിക്കുന്നത് സംബന്ധിച്ച് ഒരു സബ് റൂൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതും ഉചിതമായിരിക്കും. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി എടുക്കുമ്പോൾ A Class Medical Practitioner ൽ കുറയാത്ത ആളിൽ നിന്നും സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട മാതൃകയിൽ വാങ്ങി നൽകണം തിരികെ ജോലിയിൽ ചേരാൻ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വേമം. ശമ്പളവും മറ്റ് അലവൻസുകളും ഗവൺമെന്റ് പ്രത്യേക ഉത്തരവ് പ്രകാരം പ്രഖ്യാപിക്കുമ്പോൾ മാത്രമേ സഹകരണ സംഘം ജീവനക്കാർക്ക് ബാധകമാവുകയുള്ളൂ. ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം നൽകുന്ന ഓപ്ഷൻ, ശമ്പള നിർണ്ണയ സ്റ്റേറ്റ്മെന്റ് എന്നിവ സേവന പുസ്തകത്തിൽ ഒട്ടിച്ച് വക്കണം.

തദ്ദേശഭരണ (സി) വകുപ്പ്

ജി.ഒ. (ആർ.ടി) 15001/89 ഥഭവ തിരുവനന്തപുരം 20-04-1989

### ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരെഞ്ഞടുക്കപ്പെടുന്ന പൊതുമേഖലാസ്ഥാപനങ്ങൾ, എയ്ഡഡ് സ്കൂൾ തുടങ്ങിയവയിലെ റേഷൻ കൗൺസിലർ മീറ്റിങ്ങുകളിലും പങ്കെടുക്കുന്നതിന് സ്പെഷൽ കാഷ്വൽ ലീവ് അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ച് വരികയായിരുന്നു. ജീവനക്കാർക്ക് പഞ്ചായത്ത് കമ്മിറ്റി മീറ്റിങ്ങുകളിലും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ മീറ്റിങ്ങുകളിലും മുനിസിപ്പൽ കോർപ്പ-ചില സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഈ ആവശ്യത്തിനായി ലീവ് അനുവദിക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇക്കാര്യം ഗവൺമെന്റ് വിശദമായി പരിശോധിച്ചതിന്ശേഷം തദ്ദേസ ഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിലും മുൻസിപ്പൽ കോർപ്പറേഷൻ കൗമ്സിൽ യോഗങ്ങളിലും പങ്കെടുക്കുന്നതിന് താഴെ വിവരിക്കുന്ന തരത്തിൽ സ്പെഷൽ ക്യാഷ്വൽ ലീവ് അനുവദിക്കാൻ ഉത്തരവ് ആയിരിക്കുന്നു.

**ജോലിചെയ്യുന്ന സ്ഥാപനം പഞ്ചായത്ത് നഗരങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരുവർഷത്തിൽ അനുവദിക്കാവുന്ന സ്പെഷൽ ക്യാഷ്വൽ ലീവ്**

1. പൊതുമേഖലാ സ്ഥാപനങ്ങൾ 12 ദിവസം
2. സഹകരണ സ്ഥാപനങ്ങൾ 12 ദിവസം
3. സ്വകാര്യ കോളേജുകളിലെ ടീച്ചിംഗ് സ്റ്റാഫ് 12 ദിവസം
4. സ്വകാര്യ കോളേജുകളിലെ നോൺ ടീച്ചിങ്ങ് സ്റ്റാഫ് 12 ദിവസം
5. സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ് സ്റ്റാഫ് 10 ദിവസം
6. സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് 12 ദിവസം
7. എയ്ഡഡ് സ്കൂളിലെ ടീച്ചേഴ്സ് 10 ദിവസം
8. എയ്ഡഡ് സ്കൂളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് 12 ദിവസം

ഈ ഉത്തരവിനെ 1.2.1988 മുതൽ പൂർവ്വകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച് നിലവിലുണ്ടായിരുന്ന എല്ലാ ഉത്തരവുകളും ഇതോടെ അസാധുവാകുന്നതാണ്.
ഗവർണ്ണറുടെ ഉത്തരവിൽ പ്രകാരം

**എം.അബ്ദുൽ സത്താർ**

അണ്ടർ സെക്രട്ടറിക്കുവേണ്ടി